**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3794** **09-10-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ എണ്ണം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ അംഗീകൃത കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ എണ്ണം ചുവിടെ ചേർത്തിരിക്കുന്നു.<br><br>കേരള സർവ്വകലാശാല - 6<br><br>മഹാത്മാഗാന്ധി സർവ്വകലാശാല - 1<br><br>കാലിക്കറ്റ് സർവ്വകലാശാല - 5<br><br>കണ്ണൂർ സർവ്വകലാശാല - 1<br><br>കുസാറ്റ് - 4<br><br>എ.പി.ജെ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല- 1<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് കരാർ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ എണ്ണ 2 ആണ്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, ന്യുവാൽസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നീ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തിക ഇല്ല. |
| (ബി) | ദിവസ വേതന/കരാർ വ്യവസ്ഥയിൽ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്ന ആളുകളുടെ എണ്ണം ലഭ്യമാക്കാമോ; | (ബി) | ദിവസ വേതന/കരാർ വ്യവസ്ഥയിൽ കമ്പ്യൂട്ടർ പ്രോഗ്രാമർമാരായി ജോലിചെയ്യുന്ന ആളുകളുടെ എണ്ണം താഴെ നൽകിയിരിക്കുന്നു.<br><br>കേരള സർവ്വകലാശാല – 17<br><br>കാലിക്കറ്റ് സർവ്വകലാശാല – 26<br><br>കുസാറ്റ് - 3<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – 5 |

| | | | |
|---|---|---|---|
| | | | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല – 2<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല - നിലവിൽ 4 കമ്പ്യൂട്ടർ പ്രോഗ്രാമർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. |
| (സി) | കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ കാറ്റഗറി നമ്പർ 205/2021 പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകുന്ന സർവകലാശാല രജിസ്ട്രാർക്കെതിരെ നടപടി കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ കാറ്റഗറി നമ്പർ 205/2021 പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട്.<br><br>സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ വിഭാഗത്തിലെ അംഗീകൃത തസ്തികകളിലെ ഒഴിവുകൾ സർവകലാശാലകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയ്ക്ക് കേരള സർവ്വകലാശാലയിൽ രണ്ട് ഒഴിവും, എ.പി.ജെ. അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഒഴിവുമാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ